II ഇ.ബി. XII-കേരള നിയമസഭ/XV-13

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

**2010 ജൂലൈ 15, വ്യാഴം**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

41 (*361) **കേരളോത്സവത്തിലെ ബഹുജന പങ്കാളിത്തം**

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, കേരളോത്സവം മെച്ചപ്പെട്ട രീതിയിൽ നടത്തിവരുന്നുണ്ടെന്നും പ്രാഥമികമായി ഗ്രാമ/ മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലും രണ്ടാംഘട്ടമായി ജില്ലാതലത്തിലും മൂന്നാം ഘട്ടമായി സംസ്ഥാനതലത്തിലും അവസാന ഘട്ടമായി യുവോത്സവം എന്ന പേരിൽ ദേശീയ തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ബഹുജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമതലം മുതൽക്കുതന്നെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ, ജില്ലാ ഭരണാധികാരികൾ, സന്നദ്ധ സംഘടന-സാംസ്ക്കാരിക പ്രവർത്തകർ, രാഷ്ട്രീയ പാർട്ടികളിലേയും യുവജനസംഘടനകളിലേയും പ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, യുവജന ക്ലബ്ബ്

ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ സംഘാടക സമിതികളും ജില്ലാ-സംസ്ഥാന തലത്തിൽ പ്രത്യേകം സബ് കമ്മിറ്റികളും രൂപീകരിച്ചാണ് കേരളോത്സവം സംഘടിപ്പിക്കുന്നത്. കേരളോത്സവത്തിൽ ഞാറുനടീൽ, തെങ്ങുകയറ്റം, നിലം കിളയ്ക്കൽ, ഓലമെടയൽ എന്നീ കാർഷിക മത്സരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളോത്സവം സംഘടിപ്പി ക്കുന്നത് പ്രത്യേക മാനുവലിന്റെ അടിസ്ഥാനത്തിലാണെന്നും അത് ഓരോ വർഷവും പരിഷ്ക്കരിക്കുമെന്നും 46 ഇനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടു ള്ളതെന്നും നീന്തലിന് പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും വഞ്ചിപ്പാട്ടും കേരളോത്സവത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും അടുത്ത വർഷം കേരളോത്സവത്തിൽ മരമടി കൂടി ഉൾപ്പെടുത്തുന്നതാണെന്നും മന്ത്രി അറിയിച്ചു. എല്ലാ വിഭാഗങ്ങളിലുംപെട്ട യുവജനങ്ങൾക്കും സ്കൂൾ, കോളേജുകളിൽ പഠിക്കുന്നവർക്കും പഠനത്തിൽനിന്നും പാർശ്വവൽക്കരിക്ക പ്പെട്ടവർക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. മത്സരവിജയി കൾക്ക് ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ്, യാത്രാബത്ത എന്നിവ നൽകിവരുന്നുണ്ട്. സ്കൂൾ യുവജനോത്സവങ്ങളിലും സ്പോർട്ട്സ് ഫെസ്റ്റിവലിലുമൊക്കെ വിജയികളാകുന്നവർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുത്ത് വിജ യികളാകുന്നവർക്കുകൂടി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കേരളോത്സവം സംഘടിപ്പിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും ധനസഹായം നൽകുന്നുണ്ടെന്നും അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്ന തുകയും ചെലവഴിക്കുന്നതിന് അനുമതി നൽകിയി ട്ടുണ്ടെന്നും ഈ തുക കുറച്ചുകൂടി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്ന

താണെന്നും മന്ത്രി വ്യക്തമാക്കി. കേരളോത്സവത്തോടനുബന്ധിച്ച് വൻ ബഹുജന പങ്കാളിത്തത്തോടെ സാംസ്ക്കാരിക ഘോഷയാത്രയും സംഘടിപ്പി ക്കുന്നുണ്ട്. കേരളോത്സവത്തെ കൂടുതൽ ആകർഷകമാക്കുന്നതിനാണ് ഏഴാ മത് ഫുട്ബോൾ മത്സരവും ട്വന്റി ട്വന്റി ക്രിക്കറ്റും അതിന്റെ ഭാഗമാക്കി മാറ്റി യതെന്നും യുവജനക്ഷേമ ബോർഡിനെ ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡാക്കി മാറ്റാ നുള്ള നിയമനിർമ്മാണം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്നും കലാ-കാ യിക സാംസ്ക്കാരിക രംഗത്ത് യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതി നായി പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കൊടകരയിൽ കലാ-കായിക സാംസ്ക്കാരിക പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ദേശീയോ ത്സവത്തിന് മുമ്പാണ് കേരളോത്സവം നടത്തേണ്ടതെന്നും യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വനിതാ കമ്മീഷന്റെ അതേ രൂപത്തിൽ ഒരു യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ദേശീയോത്സവത്തിൽ 18 ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി സഭയെ മന്ത്രി അറിയിച്ചു.

42 (*362) <u>**ജലനയം**</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, ജലനയം പ്രഖ്യാപിച്ചതിനെത്തുടർന്ന് ജലവിനിയോഗത്തിലും ജലസംരക്ഷണത്തിലും കാര്യക്ഷമത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആവി ഷ്ക്കരിച്ചിട്ടുള്ളതെന്നും സംസ്ഥാന സർക്കാർ അംഗീകരിച്ച ജലനയത്തിൽ

ഗാർഹികാവശ്യം, കാർഷികാവശ്യം, വൈദ്യുതി ഉല്പാദനം, കാർഷികാധിഷ്ഠിത വ്യാവസായിക വാണിജ്യാവശ്യം എന്നീ ക്രമത്തിൽ ജലവിനിയോഗത്തിന് മുൻഗണന നിശ്ചയിക്കുകയും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും തിട്ടപ്പെടുത്തുന്നതിനും ബഞ്ച് മാർക്കിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും മുൻഗണനാക്രമത്തിലുള്ള ലക്ഷ്യം കൈവരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളിലൂടെ കൂടുതൽ പേർക്ക് കുടിവെള്ളമെത്തിക്കുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ നവീകരണം ഉൾപ്പെടെ കാർഷിക ജലസേചന രംഗത്ത് പുരോഗതി കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ടെന്നും ഇതര ആവശ്യങ്ങൾക്ക് ജലവിനിയോഗം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. കഴിഞ്ഞ നാല് വർഷം കൊണ്ട് 59 വൻകിട ശുദ്ധജല വിതരണ പദ്ധതികളും ഈ സാമ്പത്തിക വർഷം 4 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. ഉദ്ദേശം 72 ശതമാനം ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തതും വിവിധ കാരണങ്ങളാൽ മന്ദഗതിയിലായതുമായ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 75 വൻകിട ശുദ്ധജലവിതരണ പദ്ധതികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഇതുവഴി ഉദ്ദേശം 35 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുവാൻ കഴിയുന്നതാണ്. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സർക്കാർ സർക്കാരിതര ഏജൻസികളെ ഏകോപിപ്പിച്ച് ജലസംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള കർമ്മ പരിപാടികളും അവബോധ പ്രവർത്തനങ്ങളും ഉൾപ്പെടുന്ന സമഗ്ര പദ്ധതിയായ ജലസുരക്ഷ നടപ്പാക്കിവരുന്നുണ്ട്. 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും (ഭേ

ദഗതി) നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ജലദുർവിനിയോഗം, ജലമോഷണം തുടങ്ങിയവയ്ക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. ജലവിഭവ സംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനും ഭൂഗർഭ ജലവിനിയോഗം നിയന്ത്രിക്കുന്നതിനുമുള്ള നിയമനിർമ്മാണ നടപടികൾ അന്തിമഘട്ടത്തിലാണ്. ജലസേചന പദ്ധതികളുടെ നടത്തിപ്പിന് ഉപദേശക സമിതികൾ രൂപീകരിച്ച് പങ്കാളിത്ത ജലസേചന സംവിധാനം നടപ്പിലാക്കുകയും ജലദുർവിനിയോഗം തടയുന്നതിന് അവബോധ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. നദീതടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നദികളിൽ റഗുലേറ്ററുകൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നുണ്ട്. വേനൽക്കാലത്ത് റിസർവോയറുകളിൽനിന്ന് റിവർ സ്ലൂയിസ് വഴി വെള്ളം തുറന്നുവിട്ട് നദികളിൽ കുറെയെങ്കിലും നീരൊഴുക്ക് ഉറപ്പുവരുത്താൻ ശ്രദ്ധിക്കാറുണ്ട്. നദികളുടേയും തടാകങ്ങളുടേയും കായലുകളുടേയും സംരക്ഷണത്തിനും മാലിന്യവിമുക്തമായി സൂക്ഷിക്കുന്നതിനും സമഗ്രമായ അനുബന്ധ പ്രവർത്തനങ്ങൾക്കുമായി നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. റിവർ മാനേജുമെന്റ് ഫണ്ടും ഫ്ളഡ് കൺട്രോൾ ഫണ്ടും ഉപയോഗിച്ച് മരങ്ങൾ വച്ചുപിടിപ്പിച്ചും രാമച്ചം ഉൾപ്പെടെയുള്ള ജൈവഘടകം സൃഷ്ടിച്ചുകൊണ്ടും നദീതീരങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാവേരി അവാർഡിന്റെ ഭാഗമായി കേരളത്തിന് ലഭിച്ചിട്ടുള്ള ജലം ഉപയോഗപ്പെടുത്തുന്നതിന് എൻവിസേജ് ചെയ്തിട്ടുള്ള ജലസേചന പദ്ധതികൾ പാരിസ്ഥിതിക ആഘാതമുണ്ടാക്കുമെന്നുള്ളതിനാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പരമാവധി സാദ്ധ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനുവേണ്ടി കാവേരി സർക്കിൾ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ചപ്പാരപ്പടവിൽ

ഏതാണ്ട് 5 കോടിയിലധികം രൂപ ചെലവ് വരുന്ന തടയണ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. ജലസുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട് സി.ഡബ്ല്യ്യു.ആർ.ഡി.എം. നടത്തിയ പഠനത്തിൽ 80 ശതമാനത്തിലധികം വരുന്ന ഗാർഹിക കിണറുകൾ ക്വാളിഫോം ബാക്ടീരിയ മുഖാന്തിരം മലിനപ്പെട്ടിരിക്കുകയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജലതരംഗം പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ക്യാംപയിനും ടെസ്റ്റ് കിറ്റ് നൽകിക്കൊണ്ടുള്ള പരിശോധനയും നടത്തുകയുണ്ടായി. ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കോഴിക്കോട്ട് മൊബൈൽ ക്വാളിറ്റി ലാബും വാട്ടർ കാർഡ് സിസ്റ്റവും ഏർപ്പെടുത്തുകയും അത് വിജയപ്രദമാണെന്ന് കണ്ടാൽ സംസ്ഥാന വ്യാപകമായി ഈ സംവിധാനം ഏർപ്പെടുത്തുന്നതുമാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന ഗ്രാമീണ കുടിവെള്ള പദ്ധതികളിൽ സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിന് ഒരു പ്രത്യേക പ്രോജക്ട് ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നതാണെന്നും സംസ്ഥാനത്തെ 44 നദികളിലും ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി ഒരു പെർമനെന്റ് ഡാറ്റാ സംവിധാനമുണ്ടാക്കി നദികളുടെ മലിനീകരണം തടയുന്നതാണെന്നും ശുദ്ധീകരിച്ച ജലം നഷ്ടപ്പെട്ടുപോകുന്നത് 30 ശതമാനമാക്കി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും തിരുവല്ല-ചങ്ങനാശ്ശേരി ഭാഗങ്ങളിൽ നിരന്തരമായ പൈപ്പ് പൊട്ടൽമൂലം ജലക്ഷാമം നേരിടുന്നതിനാൽ അവിടെ ഉപയോഗിച്ചിട്ടുള്ള ആസ്ബസ്റ്റോസ് സിമന്റ് പൈപ്പ് റീപ്ലേസ് ചെയ്യുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും ഒറ്റപ്പാലത്തെ മണ്ണൂർ പഞ്ചായത്തിനുവേണ്ടി ഒരു പ്രത്യേക കുടിവെള്ള പദ്ധതി

ആരംഭിക്കുന്നതു സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കേരള വാട്ടർ അതോറിറ്റിക്ക് 12.5 കോടി രൂപയും ഭൂജല വകുപ്പിന് 2.5 കോടിയും ഉൾപ്പെടെ 15 കോടി രൂപ വരൾച്ചാ ദുരിതാശ്വാസം നേരിടുന്നതിന് അനുവദിക്കുകയും വളരെ ഇഫക്ടീവായി പ്രവർത്തിക്കുകയും ചെയ്തതിനാൽ ഈ വരൾച്ചാക്കാലത്ത് മെച്ചപ്പെട്ട വാട്ടർ റിസോഴ്സ് മാനേജുമെന്റ് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂജല വകുപ്പ് 10 കോടിയോളം രൂപ ചെലവഴിച്ച് വാങ്ങിയ 8 പുതിയ റിഗ്ഗുകൾ ഈ മാസംതന്നെ കമ്മീഷൻ ചെയ്യുന്നതാണെന്നും ചേർത്തലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി ഭാഗികമായെങ്കിലും 2010-ൽത്തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും കരാർ കമ്പനിക്കാർ വാട്ടർ അതോറിറ്റിക്ക് പദ്ധതി ഹാൻഡ് ഓവർ ചെയ്തശേഷം പുതിയ സ്ഥലങ്ങളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും പമ്പാനദീതട സംരക്ഷണ അതോറിറ്റി നിയമത്തിൽ സ്റ്റേറ്റ് റിവർ ബേസിൻ അതോറിറ്റിയും അതിന്റെ കീഴിൽ 6 റിവൻ ബേസിൻ ബോർഡുകളും രൂപീകരിക്കുന്നതിനാണ് വിവക്ഷിച്ചിട്ടുള്ളതെന്നും ഇവയ്ക്ക് പ്രത്യേകമായ സ്റ്റാറ്റ്യൂട്ടറി പവേഴ്സ് ഉണ്ടാകുമെന്നും പമ്പാ ആക്ഷൻ പ്ലാനിൽ ജലസേചന വകുപ്പിന്റേയും ദേവസ്വം വകുപ്പിന്റേയും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പമ്പയിലും സന്നിധാനത്തും രണ്ട് സ്വീവേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും മീനച്ചിൽ നദീതട പദ്ധതിക്ക് ബദലായ സംവിധാനത്തെ സംബന്ധിച്ച് അടുത്തയാഴ്ച നടക്കുന്ന ബന്ധപ്പെട്ട എം.എൽ.എ.മാരുടെ യോഗത്തിൽ വച്ച് തീരുമാനമെടുക്കുന്നതാണെന്നും

മൂലത്തറ ആർ.ബി. കനാൽ വേലന്താവളം വരെ എക്സ്റ്റന്റ് ചെയ്യുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ട് പോകുകയാണെന്നും 'റെലിക്സ്' എന്ന പേരിൽ 430 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സമ്പൂർണ്ണമായി പുനരുദ്ധരിക്കുന്നതിനുവേണ്ടി 108 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷത്തോടുകൂടി ഈ പദ്ധതികൾ റീവാമ്പ് ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

43 (*363) **കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ**

വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വ്യവസായത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, വികസിപ്പിച്ച പ്ലോട്ടുകൾ തുടങ്ങിയ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് നിക്ഷേപകരെ ആകർഷിച്ച് നിക്ഷേപം നടത്താൻ സൗകര്യം ഒരുക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ കീഴിൽ 1993-ൽ പ്രവർത്തനം ആരംഭിച്ച കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് (തിരുവനന്തപുരം), കിൻഫ്ര ഫിലിം & വീഡിയോ പാർക്ക് (തിരുവനന്തപുരം), കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് (തിരുവനന്തപുരം, അടൂർ), കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക് (കാക്കഞ്ചേരി, അടൂർ), കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് (കുന്നന്താനം, പത്തനംതിട്ട), കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് (മഴുവന്നൂർ, എറണാകുളം), കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് (കൊരട്ടി, തൃശ്ശൂർ), കിൻഫ്ര നിയോ സ്പേസ് (മലപ്പുറം), കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ

ഇൻഡസ്ട്രിയൽ പാർക്ക് (എറണാകുളം), കിൻഫ്ര ഹൈടെക് പാർക്ക് (കളമശ്ശേരി), കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് (തലശ്ശേരി), കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് (കൽപ്പറ്റ, വയനാട്), കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് (സീതംഗോലി, കാസർഗോഡ്), കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ (നാടുകാണി, കണ്ണൂർ), ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക് (പാലക്കാട്), കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് (കല്ല്യാശ്ശേരി, കണ്ണൂർ) എന്നീ പാർക്കുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കി വികസിപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഭക്ഷ്യ സംസ്ക്കരണ പ്രത്യേക സാമ്പത്തിക മേഖല (കാക്കഞ്ചേരി, മലപ്പുറം), ആനിമേഷൻ ഗെയിമിംഗ് പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക് (തിരുവനന്തപുരം) ഇലക്ട്രോണിക് ഹൈടെക് പാർക്ക് (കളമശ്ശേരി, എറണാകുളം) എന്നീ സ്പെഷ്യൽ ഇക്കോണമിക് സ്റ്റാറ്റസ്സുള്ള ഏരിയകളും കിൻഫ്ര വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അടിസ്ഥാന സൗകര്യം ലക്ഷ്യമിട്ട് മറൈൻ പാർക്ക് (ബേപ്പൂർ, കോഴിക്കോട്), കിൻഫ്ര ഇൻഡസ്ട്രീസ് പാർക്ക് ( കുറ്റിപ്പുറം, മലപ്പുറം), എന്നീ പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്. കിൻഫ്ര കയറ്റുമതി അധിഷ്ഠിത വ്യവസായ പാർക്കിന്റെ രണ്ടാം ഘട്ട വികസനം (കാക്കനാട്), മെഗാ ഫുഡ് പാർക്ക് (വയനാട്), അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് (രാമനാട്ടുകര, കോഴിക്കോട്), കേര പാർക്ക്(തൃശ്ശൂർ) വ്യവസായ പാർക്ക് (ഒറ്റപ്പാലം, പാലക്കാട്), വ്യവസായ പാർക്ക് (മട്ടന്നൂർ, കണ്ണൂർ), റൂറൽ അപ്പാരൽ പാർക്കുകൾ(കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട), റാന്നി റബ്ബർ പാർക്ക്, 15 സ്ഥലത്ത് വിവിധോദ്ദേശ സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറികളുടെ നിർമ്മാണം, ഇടുക്കി സ്പൈസസ് പാർക്കിന്റെ നിർമ്മാണം, പുനലൂരിലെ പ്ലൈവുഡ് ഫാക്ടറി സ്ഥലത്ത് കിൻഫ്ര പാർക്ക്

നിർമ്മാണം, കൊല്ലത്തും ആലപ്പുഴയിലും വ്യവസായ പാർക്കുകൾ എന്നീ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. തിരുവനന്തപുരത്ത് കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു ഇന്റർനാഷണൽ അനിമേഷൻ സ്ക്കൂൾ സ്ഥാപിക്കുന്നതിന് കിൻഫ്ര നടപടി സ്വീകരിച്ചു വരികയാണ്. സ്ക്കൂളിന്റെ പ്രവർത്തനം 2010 ഡിസംബറിൽ പൂർത്തിയാകുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ക്ലാസ്സുകൾ, ലാബുകൾ, പ്രിവ്യൂ തീയേറ്റർ എന്നിവയാണ് ഇപ്പോൾ പൂർത്തിയായി വരുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് ASIDE സ്കീമിൽ പെടുത്തി 6.86 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ വ്യവസായ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കിൻഫ്ര പ്രസ്തുത മേഖലകൾക്ക് ഊന്നൽ നൽകുന്ന പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗാർമെന്റ് വ്യവസായം/തുണി മേഖല ലക്ഷ്യമാക്കി തിരുവനന്തപുരത്തും കണ്ണൂരും അപ്പാരൽ പാർക്കുകളും കയറ്റുമതി മേഖല ലക്ഷ്യമാക്കി എറണാകുളത്ത് കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കും ചെറുകിട മേഖലയുടെ വികസനത്തിന് വിവിധ പാർക്കുകളും ഫിലിം അധിഷ്ഠിത വ്യവസായം ലക്ഷ്യമാക്കി ഫിലിം & വീഡിയോ പാർക്കും റബ്ബർ അധിഷ്ഠിത വ്യവസായം ലക്ഷ്യമാക്കി റാന്നിയിൽ റബ്ബർ പാർക്കും സ്ഥാപിക്കുകയും ഭക്ഷ്യ സംസ്ക്കരണ മേഖല ലക്ഷ്യമിട്ട് അടൂർ, മഴുവന്നൂർ, കാക്കഞ്ചേരി, വയനാട് എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ വ്യവസായ പാർക്കുകളിൽ ഏകദേശം 403 വ്യവസായ സംരംഭകർക്ക് ഭൂമി

അലോട്ട് ചെയ്ത് നൽകുകയുണ്ടായി. സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ടുകൾ പ്രകാരം ഏകദേശം 4476.26 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളും കിൻഫ്ര തന്നെ ലഭ്യമാക്കിയിട്ടുണ്ട്. നിയമ പരമായി ലഭിക്കേണ്ട ലൈസൻസുകളും അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിന് Single Window Clearance ലഭ്യമാക്കി യിട്ടുണ്ട്. ഭക്ഷ്യസംസ്ക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഭക്ഷ്യ സംസ്ക്കരണപാർക്ക് (കാക്കഞ്ചേരി, മലപ്പുറം), ഭക്ഷ്യ സംസ്ക്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല (കാക്കഞ്ചേരി, മലപ്പുറം), ഭക്ഷ്യസംസ്ക്കരണ മേഖല, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക് (മഴുവന്നൂർ, എറണാകുളം), കോൾഡ് സ്റ്റോറേജ്, കിൻഫ്ര വ്യവസായ പാർക്ക് (വയനാട്) ഭക്ഷ്യസംസ്ക്ക രണ പാർക്ക് (അടൂർ, പത്തനംതിട്ട) എന്നീ വ്യവസായ പാർക്കു കൾ/ഭക്ഷ്യസംസ്ക്കരണമേഖലകൾ സ്ഥാപിക്കുകയും വയനാട്ടിൽ ഒരു ഭക്ഷ്യ സംസ്ക്കരണ പാർക്ക്, തൃശ്ശൂരിൽ ഒരു കേര പാർക്ക് എന്നിവ സ്ഥാപിക്കുന്ന തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നുണ്ട്. ഭക്ഷ്യ സംസ്ക്കരണ പാർക്കുകളിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ക്വാളിറ്റി കൺട്രോൾ ലാബ്, ഫുഡ് ഇൻക്യു ബേഷൻ സെന്റർ (കാക്കഞ്ചേരി), കോൾഡ് സ്റ്റോറേജ് സംവിധാനം തുട ങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയ ത്തിന്റെ കേരളത്തിലെ പദ്ധതികളുടെ നോഡൽ ഏജൻസി കിൻഫ്രയാ ണെന്നും നിരവധി സംരംഭകർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസ ഹായം നൽകാറുണ്ടെന്നും 135 പദ്ധതികൾക്ക് 48.62 കോടി രൂപയുടെ

സഹായം നൽകിയിരുന്നുവെന്നും 2007-ന് ശേഷം ബാങ്ക് മുഖേനയാണ് സഹായം വിതരണം ചെയ്യുന്നതെന്നും അതുപ്രകാരം 111 പദ്ധതികൾക്ക് 33.5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് മെഗാ ഫുഡ് പാർക്കുകൾക്കുവേണ്ടി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതിയ മാർഗ്ഗ നിർദ്ദേശപ്രകാരം സ്വകാര്യ പങ്കാളി ത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും സ്വകാര്യ സംരംഭകർ ഈ ആവശ്യത്തിനായി ഒരു Special Purpose Vehicle (SPV) രൂപീകരി ക്കുകയും കുറഞ്ഞത് 51 ശതമാനം മൂലധനം കണ്ടെത്താൻ തയ്യാറാകുകയും ചെയ്യുന്ന പക്ഷം കേന്ദ്ര സർക്കാർ പദ്ധതിക്ക് 50 കോടി രൂപ ധനസഹായം നൽകുന്നതാണെന്നും ഈ SPV -ൽ മൂന്ന് വ്യവസായ സംരംഭകർ കുറഞ്ഞത് ഉണ്ടായിരിക്കണമെന്നും പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കും വാളയാറിൽ എഡ്യൂക്കേഷൻ നോളജ് ഹബ്ബുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ബി.ഇ.എം.എൽ. കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണെന്നും അതിന്റെ രണ്ടാം ഘട്ടത്തിന് 600 ഏക്കർ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ നടന്നു വരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 3461 മുതൽ 3745 വരെയുള്ള ചോദ്യങ്ങളിൽ 109 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)